# കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (CITU)

# 29-ാം സംസ്ഥാന സമ്മേളനം

## 2018 ജൂൺ 22, 23 തീയതികളിൽ

## സ്ഥലം: ടൗൺ ഹാൾ, എറണാകുളം

# സ്വാഗതസംഘ രൂപീകരണയോഗം

## ഉദ്ഘാടനം: സ: സി.കെ. മണിശങ്കർ

**10-5-2018 (വ്യാഴം) വൈകുന്നേരം 5 മണിക്ക്**

**സ്ഥലം: സ: പപ്പൻ ചേട്ടൻ സ്മാരക ഹാൾ**

സഖാവെ,

കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (CITU) 29-ാം സംസ്ഥാന സമ്മേളനം 2018 ജൂൺ 22, 23 തീയതികളിൽ എറണാകുളം ടൗൺഹാളിൽ വച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. കെ.എസ്.എഫ്.ഇയിലെ വർക്ക്മെൻ ജീവനക്കാരുടെ 67% പേരെയാണ് സംഘടന പ്രതിനിധാനം ചെയ്യുന്നത്.

കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി സർക്കാർ നവലിബറൽ നയങ്ങൾ കൂടുതൽ തീവ്രമായി നടപ്പാക്കുന്ന സാഹചര്യത്തിലാണ് സമ്മേളനം ചേരുന്നത്. 'സ്ഥിരം തൊഴിൽ' എന്ന സമ്പ്രദായം തന്നെ അട്ടിമറിക്കുകയാണ്. കേന്ദ്രഭരണാധികാരികൾ പൊതുമേഖലാ സ്ഥാപനങ്ങളെ കൂട്ടകശാപ്പ് ചെയ്യുകയാണ്. തെറ്റായ സാമ്പത്തികനയം മൂലം ബാങ്കുകൾ പാപ്പരായി. കർഷകരെ കൂട്ടആത്മഹത്യയിലേയ്ക്ക് തള്ളിവിടുന്ന നയത്തിനെതിരെ ഐതിഹാസിക സമരമുന്നേറ്റങ്ങളാണ് കർഷകരുടെ നേതൃത്വത്തിൽ ഉയർന്നുവന്നത്.

നവലിബറൽ നയങ്ങൾക്ക് ബദൽ പടുത്തുയർത്തിയും നവോത്ഥാന ആശയങ്ങളെ ശക്തിപ്പെടുത്തിയുമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മുന്നോട്ട് പോകുന്നത്. പൊതുവിദ്യാഭ്യാസവും പൊതുജനാരോഗ്യവും ശക്തിപ്പെടുത്താനുള്ള സർക്കാർ നീക്കത്തിന് വമ്പിച്ച ജനപിന്തുണയാണ് ലഭിച്ചത്. വർഗീയതയുടെ തള്ളിക്കയറ്റത്തെയും ഫലപ്രദമായ നടപടികളിലൂടെ കേരളം ചെറുക്കുകയാണ്. യു.ഡി.എഫ് ഭരണത്തിൽ തകർന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി നഷ്ടം കുറച്ചുകൊണ്ട് വരികയും 14 സ്ഥാപനങ്ങൾ ലാഭത്തിലാക്കുകയും ചെയ്തു. സംസ്ഥാന വികസനത്തിന് വലിയ സംഭാവന ചെയ്യുന്ന പ്രവാസികളുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നു. പ്രവാസികളുടെ നിക്ഷേപം കേരളത്തിന്റെ ഉൽപാദന മേഖലയിലും പശ്ചാത്തലസൗകര്യ വികസന മേഖലയിലും വിന്യസിക്കാൻ കഴിയുന്ന പദ്ധതികൾ സർക്കാർ വിഭാവനം ചെയ്ത് നടപ്പാക്കുകയാണ്. പ്രവാസിചിട്ടികളിലൂടെ കെ.എസ്.എഫ്.ഇയും ഈ മഹത് സംരംഭത്തിൽ പങ്കാളിയാകുകയാണ്.

കെ.എസ്.എഫ്.ഇ ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണം കഴിഞ്ഞ യു.ഡി.എഫ് സർക്കാർ അട്ടിമറിച്ചു. അന്യായമായി ക്ഷാമബത്ത വാങ്ങുന്നവരാണെന്ന ആരോപണവും ജീവന ക്കാർക്ക് നേരിടേണ്ടി വന്നു. എന്നാൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കരാർ വ്യവസ്ഥകൾ പൂർണ്ണമായി പാലിച്ചുകൊണ്ട് ശമ്പളപരിഷ്ക്കരണം യാഥാർത്ഥ്യമാക്കി. പി.റ്റി.എസ്/ ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്ക് കഴിഞ്ഞ യു.ഡി. എഫ് സർക്കാർ നിഷേധിച്ച ബോണസ് കുടിശ്ശിക വിതരണം ചെയ്തതും എൽ.ഡി.എഫ് സർക്കാരാണ്. പി.റ്റി.എസ്/ ഓഫീസ് അറ്റന്റന്റ്/ അസിസ്റ്റന്റ് തസ്തികയിൽ റിക്കാർഡ് നിയമനമാണ് നടന്നത്. പി.എസ്.സി. അഡ്വൈസ് മെമ്മോ ലഭിച്ചാൽ ആറുമാസം കഴി ഞ്ഞാലും നിയമന ഉത്തരവ് ലഭിക്കാത്ത സാഹചര്യം മാറി. മരവിപ്പിക്കപ്പെട്ട പ്രമോഷനു കൾ പുനഃസ്ഥാപിച്ചു. പുതുതായി നിയമിക്കപ്പെട്ട ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ യു.ഡി.എഫ് മാനേജ്മെന്റ് വൈകിപ്പിച്ചതിന്റെ ബുദ്ധി മുട്ടുകൾ ഇനിയും അവസാനിച്ചിട്ടില്ല. ചെറിയ ഏതാനും ശാഖകളിൽ മാത്രം നടപ്പാക്കു കയും പരണത്തു വയ്ക്കുകയും ചെയ്ത കാസ്ബ സോഫ്റ്റ്വെയർ പൂർണ്ണമായും എല്ലാ ശാഖകളിലും വ്യാപിപ്പിച്ചു. ബാലാരിഷ്ടതകൾ ഉണ്ടെങ്കിലും കമ്പ്യൂട്ടറൈസേഷൻ പ്രക്രിയ പൂർത്തീകരിയ്ക്കപ്പെട്ടു.

സ്ഥാപനത്തിന്റെ പശ്ചാത്തല സൗകര്യം വികസിപ്പിക്കുക, കാസ്ബ സോഫ്റ്റ്വെയ റിലെ അപാകതകൾ തിരുത്തി ജീവനക്കാരുടെയും വരിക്കാരുടെയും പ്രയാസങ്ങൾ പരി ഹരിക്കുക, ശമ്പളപരിഷ്ക്കരണം നടപ്പിലാക്കുക, ക്ഷാമബത്ത കുടിശ്ശിക തീർത്ത് വിത രണം ചെയ്യുക എന്നിങ്ങനെയുള്ള കാതലായ വിഷയങ്ങൾ ഉയർത്തിക്കൊണ്ട് പ്രക്ഷോഭ രംഗത്താണ് സംഘടന.

കഴിഞ്ഞ സംസ്ഥാന സമ്മേളത്തിനുശേഷമുള്ള ഒന്നര വർഷക്കാലത്തെ സംഘടന യുടെ പ്രവർത്തനം സ്വയം വിമർശന പരമായി സമ്മേളനം പരിശോധിക്കും. സ്ഥാപന ത്തിന്റെ ജീവനക്കാരുടെ അവകാശ ആനുകൂല്യങ്ങൾ സംരക്ഷിക്കാനും പുതിയ ആനുകൂ ല്യങ്ങൾ നേടുന്നതിനുമുള്ള കർമ്മപരിപാടികൾ സമ്മേളനം ചർച്ച ചെയ്യും. നവലിബറൽ സാമ്പത്തിക നയത്തിനെതിരായി ലോകമെങ്ങും ഉയരുന്ന സമരപ്രക്ഷോഭങ്ങളോട് സമ്മേ ളനം ഐക്യദാർഢ്യം പ്രഖ്യാപിക്കും. 'വർഗ്ഗീയതയ്ക്കെതിരെ വർഗഐക്യം' എന്ന മുദ്രാ വാക്യത്തിലുറച്ചുനിന്നുകൊണ്ട് വിപുലമായ തൊഴിലാളി വർഗ്ഗ ഐക്യം കെട്ടിപ്പടുക്കേ ണ്ടതിന്റെ ആവശ്യകത സമ്മേളനം ചർച്ച ചെയ്യും. സംഘടനയുടെ 29-ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുന്നതിനുള്ള വിപുലമായ സ്വാഗതസംഘ രൂപീകരണയോഗം 10-05-18 (വ്യാഴം) വൈകുന്നേരം 5.00ന് സ. പപ്പൻ ചേട്ടൻ സ്മാരക ഹാളിൽ ചേരും. സി.ഐ.ടി.യു എറണാകുളം ജില്ലാ സെക്രട്ടറി സ: സി.കെ. മണിശങ്കർ യോഗം ഉദ്ഘാ ടനം ചെയ്യും. സർവ്വീസ് - ട്രേഡ് യൂണിയൻ രംഗത്തെ നേതാക്കൾ പങ്കെടുക്കും. പ്രസ്തുത യോഗത്തിൽ സഖാവ് പങ്കെടുക്കുകയും സഖാവ് നേതൃത്വം നൽകുന്ന സംഘടനയുടെ പ്രധാന പ്രവർത്തകരെ പങ്കെടുപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ,

**എസ്.മുരളീകൃഷ്ണപിള്ള**

തിരുവനന്തപുരം — ജനറൽ സെക്രട്ടറി

3-5-2018 — കെ.എസ്.എഫ്.ഇ സ്റ്റാഫ് അസോസിയേഷൻ (സി.ഐ.ടി.യു)